പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 631 – 11/12/2012 ലെ മറുപടിക്ക്

<u>കെ.എഫ്.സി. വഴി നടപ്പാക്കുന്ന തൊഴിൽ സംരംഭക പദ്ധതി</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചതും കെ.എഫ്.സി. വഴി നടപ്പാക്കുന്നതുമായ തൊഴിൽ സംരംഭക പദ്ധതി ആരംഭിച്ചത് എന്നു മുതലാണ്; | 2011–12 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കേരള സംസ്ഥാന സംരംഭക വികസന മിഷൻ, കേരള സർക്കാരിന്റെ 08/12/2011 ലെ ജി.ഒ (എം എസ്) 590/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി ഓൺലൈനിലൂടെയും മറ്റ് നിലയിലും രജിസ്റ്റർ ചെയ്ത് അപേക്ഷിച്ചവരെത്ര ; | പദ്ധതിയുടെ ഭാഗമായി ഇതുവരെ 4389 സംരംഭക ഗ്രൂപ്പുകൾ ഓൺലൈനിലൂടെയും മറ്റു നിലയിലും അപേക്ഷിക്കുകയുണ്ടായി. |
| (സി) | അപേക്ഷിച്ചവരിൽ എത്ര പേർക്ക് വിദഗ്ദ്ധ പരിശീലനം നൽകി ; ഇവരിൽ എത്ര ചെറുകിട തൊഴിൽ സംരംഭകർക്ക് കെ.എഫ്.സി വായ്പ നൽകുകയുണ്ടായി; | 845(എണ്ണൂറ്റിനാൽപത്തി അഞ്ച്) സംരംഭകരുൾപ്പെടുന്ന 337(മുന്നൂറ്റിമുപ്പത്തിയേഴ്) സംരംഭക ഗ്രൂപ്പുകൾക്ക് ഇതുവരെ വിദഗ്ദ്ധ പരിശീലനം നൽകുകയുണ്ടായി. മിഷന്റെ നോഡൽ ഏജൻസിയായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വിവിധ ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയുമാണ് സംരംഭകർക്കുള്ള വായ്പകൾ ലഭ്യമാക്കുന്നത്. അങ്ങനെ ഇതുവരെ 241 (ഇരുന്നൂറ്റിനാൽപ്പത്തി ഒന്ന്) സംരംഭകർ ഉൾപ്പെടുന്ന 94(തൊണ്ണൂറ്റിനാല്) സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുകയുണ്ടായി. |

| | | |
|---|---|---|
| (ഡി) | എത്ര പേർ തൊഴിൽ സംരംഭത്തിലേർപ്പെട്ടു ; അതിന്റെ ഭാഗമായി എത്ര യുവജനങ്ങൾക്ക് പരോക്ഷമായി തൊഴിൽ ലഭിക്കുകയുണ്ടായി ; | കേരള സംസ്ഥാന സംരംഭക വികസന മിഷൻ പ്രകാരം സംസ്ഥാനത്ത് ഇതുവരെ 241( ഇരുന്നൂറ്റിനാൽപ്പത്തി ഒന്ന്) സംരംഭകർ ഉൾപ്പെടുന്ന 94 (തൊണ്ണൂറ്റിനാല്) സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുകയും അതിൽ 83 (എൺപത്തി മൂന്ന്) സംരംഭകർ ഉൾപ്പെടുന്ന 35 (മുപ്പത്തിയഞ്ച്) വ്യവസായ സംരംഭങ്ങൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഇതു വഴി നാനൂറോളം പേർക്ക് പരോക്ഷമായി തൊഴിൽ ലഭിക്കുകയുണ്ടായി. |
| (ഇ) | തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ട എത്ര പേർക്ക് എന്തു തുക വീതം സബ്സിഡി / പലിശരഹിത വായ്പ നൽകുകയുണ്ടായി; ഇതിനായി സർക്കാരിന് എന്തു തുക ചെലവ് വരികയുണ്ടായി; ഈ സ്കീമിൽ 2012-13 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയാണെന്നു വ്യക്തമാക്കുമോ ? | 35 സംരംഭക ഗ്രൂപ്പുകൾക്കായി 3.44 കോടി രൂപ (മൂന്നു കോടി നാൽപ്പത്തിനാല് ലക്ഷം രൂപ)വായ്പ അനുവദിക്കുകയുണ്ടായി. മിഷന്റെ പലിശ സബ്സിഡി ഉൾപ്പെടെയുള്ള ചെലവുകൾക്കായി സർക്കാർ ഇതുവരെ 19,89,12,500 /- രൂപ ( പത്തൊമ്പത് കോടി എൺപത്തി ഒമ്പത് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ) പദ്ധതിയുടെ നോഡൽ ഏജൻസിയായ കേരള ഫിനാൻഷ്യൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തെ കേരള സർക്കാരിന്റെ ബഡ്ജറ്റിൽ 25 കോടി രൂപ (ഇരുപത്തി അഞ്ച് കോടി രൂപ) മിഷനു വേണ്ടി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ